Draft #11 of File 51430/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 26-Aug-2020 12:29 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

സെന്റ്.തെരേസാസ് കോളേജ്, എറണാകുളം (സ്വയംഭരണം) - B.Sc. Nutrition & Dietetics, M.Sc. Applied Statistics and Data Analytics എന്നീ സ്വാശ്രയ പ്രോഗ്രാമുകൾ 2020-'21 അധ്യയന വർഷം മുതൽ ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ടി പ്രോഗ്രാമുകളുടെ സ്‌കീമും സിലബസും അംഗീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 3868/AC B 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.08.2020

---

*പരാമർശം:*-1) 20/01/2020-ലെ സെന്റ്.തെരേസാസ് കോളേജ് പ്രിൻസിപ്പലിന്റെ STCAU/1118-45/2020 നമ്പർ കത്ത്
2) 05/02/2020-ലെ 51430/ACB7/2/ACB7/ACB7 നമ്പർ കത്ത്
3) 27/02/2020-ലെ 1087/ACB7/2020/എം.ജി.യു നമ്പർ ഉത്തരവ്
4) 27/02/2020-ലെ 1088/ACB7/2020/എം.ജി.യു നമ്പർ ഉത്തരവ്

**ഉത്തരവ്**

സ്വയംഭരണ കോളേജായ എറണാകുളം സെന്റ്. തെരേസാസ് കോളേജിൽ പുതിയ 5 പ്രോഗ്രാമുകൾ 2020-'21 അധ്യയന വർഷം മുതൽ സ്വാശ്രയ രീതിയിൽ ആരംഭിക്കുന്നതിനുള്ള കോളേജിന്റെ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ തീരുമാനം ഗവേർണിംഗ് കൌൺസിൽ അംഗീകരിച്ചതായി പ്രിൻസിപ്പൽ രേഖാമൂലം അറിയിച്ചിരുന്നു. ടി പ്രോഗ്രാമുകളുടെ സിലബസ് അപ്പ്രൂവലിന് നിർദ്ദിഷ്ട ഫീസ് അടച്ച് പരാമർശം-1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ബഹു.വൈസ് ചാൻസലറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം-2 പ്രകാരം ടി പ്രോഗ്രാമുകൾ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസിന്റെ പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിച്ചിരുന്നു. ഇവയിൽ MA Malayalam, M.Sc.Psychology, MA Journalism & Mass Communication എന്നീ 3 പുതിയ സ്വാശ്രയ പ്രോഗ്രാമുകൾക്ക് പരാമർശം-3 ഉത്തരവ് പ്രകാരം അപ്പ്രൂവൽ നൽകപ്പെട്ടിട്ടുള്ളതാണ്.

B.Sc.Nutrition & Dietetics എന്ന പ്രോഗ്രാമിന്റെ സിലബസ് സർവ്വകലാശാലയുടെ ഹോം സയൻസ് (യു.ജി) ബോർഡ് ഓഫ് സ്റ്റഡീസും M.Sc.Applied Statistics & Data Analytics എന്ന പ്രോഗ്രാമിന്റെ സിലബസ് സർവ്വകലാശാലയുടെ സ്റ്റാറ്റിസ്റ്റിക്സ് (പി.ജി) ബോർഡ് ഓഫ് സ്റ്റഡീസും പരിശോധിക്കുകയും ടി പ്രോഗ്രാമുകളുടെ സിലബസിൽ ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം-4 സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് മേൽ സൂചിപ്പിച്ച ബോർഡ് ഓഫ് സ്റ്റഡീസ് നിർദ്ദേശിച്ചിരുന്ന ഭേദഗതികൾ വരുത്തി പ്രസ്തുത പ്രോഗ്രാമുകളുടെ സിലബസ് കോളേജ് പുന:സമർപ്പിച്ചിരുന്നു. ടി സിലബസുകൾ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസുകൾ പരിശോധിക്കുകയും സ്കീമും സിലബസും അംഗീകരിക്കുന്നതിന് ശിപാർശ ചെയ്യുകയും ചെയ്തു.

ഹോം സയൻസ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ ബോർഡ് ഓഫ് സ്റ്റഡീസുകളുടെ മേൽ ശിപാർശകളുടെ അടിസ്ഥാനത്തിൽ സ്വയംഭരണ കോളേജായ എറണാകുളം സെന്റ്. തെരേസാസ് കോളേജിൽ 2020-'21 അധ്യയന വർഷം മുതൽ ആരംഭിക്കുന്ന B.Sc.Nutrition & Dietetics, M.Sc.Applied Statistics & Data Analytics എന്നീ പ്രോഗ്രാമുകളുടെ സിലബസുകൾക്ക് അംഗീകാരം നൽകികൊണ്ടും, ടി പ്രോഗ്രാമുകൾ സ്വാശ്രയ രീതിയിൽ 2020-21 അദ്ധ്യയന വർഷം മുതൽ താഴെ സൂചിപ്പിച്ചിരിക്കും പ്രകാരം ടി കോളേജിൽ ആരഭിക്കുന്നതിനുള്ള അനുമതി നൽകികൊണ്ടും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 (മൂന്നാം ഭേദഗതി 2014) അധ്യായം IX വകുപ്പ് 118 പ്രകാരം, ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| Sl No. | Name of programme | Sanctioned Intake | Year of starting |
|---|---|---|---|
| 1 | B.Sc. Nutrition & Dietetics (SF) | 50 | 2020 |
| 2 | M.Sc.Applied Statistics & Data Analytics (SF) | 25 | 2020 |

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ, സെന്റ് തെരേസാസ് കോളേജ്, എറണാകുളം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി, ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യു.എ.സി.
9. ഇ.ഐ.38 സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #11 of File 51430/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 26-Aug-2020 12:29 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം